# യോഹന്നാന്റെ ജീവപഠനം

## ദൂത് നാല്പത്തിയാറ്

## പുനരുത്ഥാനത്തിലുള്ള ജീവൻ

## ( 1 )

യോഹന്നാന്റെ സുവിശേഷത്തിന് രണ്ട് പ്രധാന ഭാഗങ്ങൾ ഉണ്ടെന്ന് നാം കണ്ടു. ഒന്ന് മുതൽ പതിമൂന്ന് വരെയുള്ള അദ്ധ്യായങ്ങൾ ചേർന്ന ഒന്നാം ഭാഗം, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാനായി വന്ന ജഡാവതാരം ചെയ്ത നിത്യവചനത്തെ വെളിപ്പെടുത്തുന്നു. പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള അദ്ധ്യായങ്ങൾ ചേർന്ന രണ്ടാം ഭാഗം, ക്രൂശിക്കപ്പെട്ട യേശുവും പുനരുത്ഥാനം ചെയ്ത ക്രിസ്തുവും മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ മാർഗ്ഗം ഒരുക്കുവാനായി പോകുന്നുവെന്നും ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി വിശ്വാസികളിൽ വസിക്കുന്നതിനും ജീവിക്കുന്നതിനും ആത്മാവായി വരുന്നുവെന്നും വെളിപ്പെടുത്തുന്നു. ഈ രണ്ടാമത്തെ പ്രധാന ഭാഗത്ത് നാല് ഉപവിഭാഗങ്ങളുണ്ട്: ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവന്റെ നിവസിക്കൽ(14:1–16:33); ജീവന്റെ പ്രാർത്ഥന(17:1–26); വർദ്ധനവിനായുള്ള പ്രക്രിയാവിധേയമായ ജീവൻ(18:1–20:13,17); പുനരുത്ഥാനത്തിലെ ജീവൻ(20:14–21:25); നമ്മുടെ ജീവനായിരിക്കുവാനും, ദൈവത്തിനും മനുഷ്യനും വേണ്ടി പരസ്പരനിവാസമാകത്തക്കവണ്ണം നമ്മോട് ഇഴുകിച്ചേരുവാനും, ചേർത്ത് കെട്ടുപണിയപ്പെടുവാനും, നമ്മിലേക്ക് എങ്ങനെ അവൻ വരുന്നു എന്ന് യോഹന്നാൻ 14-ലും 15-ലും 16-ലും കർത്താവ് വിശദമായി വിവരിക്കുന്നു. ദിവ്യത്വത്തിന്റെ മനുഷ്യത്വവുമായുള്ള ഈ ഇഴുകിച്ചേരൽ, ത്രിയേകദൈവം വളരുകയും തന്നെത്താൻ ആവിഷ്കരിക്കുകയും ചെയ്യുന്ന ജൈവരൂപം തന്നെയാണ്. ഈ കാര്യം വിവരിച്ചശേഷം കർത്താവ് അതിനുവേണ്ടി പതിനേഴാം അദ്ധ്യായത്തിൽ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയ്ക്കുശേഷം, പരിശോധനയുടെയും മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പ്രക്രിയയിലൂടെ അവൻ കടന്നുപോയി. പ്രക്രിയയിലൂടെ കടന്നു

പോവുകയും മരണത്തിൽനിന്ന് പുറത്തുവരികയും ചെയ്ത് അവൻ ഇപ്പോൾ പുനരുത്ഥാനത്തിൽ ജീവനാണ്. പുനരുത്ഥാനത്തിൽ ആയിരിക്കുമ്പോൾ, അവൻ ആത്മാവ് എന്ന നിലയിൽ ജീവനാണ്. കാരണം അവൻ പുനരുത്ഥാനത്തിൽ ആത്മാവാണ്. ഈ ജീവൻ എങ്ങനെ ഇപ്പോൾ പുനരുത്ഥാനത്തിൽ ആത്മവായിരിക്കുന്നു എന്ന് ഈ ദൂതിൽ നാം കാണേണ്ടതുണ്ട്.

## I. തന്റെ അന്വേഷകയ്ക്ക് പ്രത്യക്ഷപ്പെടുന്നു

പുനരുത്ഥാനത്തിലുള്ള ജീവൻ എന്ന നിലയിൽ കർത്താവ് ഒന്നാമത് തന്റെ അന്വേഷകയ്ക്ക് പ്രത്യക്ഷനാകുന്നു(20:14-18). പുനരുത്ഥാനത്തിനു ശേഷമുള്ള അവന്റെ ഒന്നാമത്തെ പ്രത്യക്ഷപ്പെടലായിരുന്നു അത്. എന്നുവരികിലും മറിയയ്ക്ക് അവനെ കാണുവാൻ മാത്രമേ കഴിഞ്ഞുള്ളൂ; അവന്റെ പുനരുത്ഥാനത്തിന്റെ പുതുമ പിതാവിനു വേണ്ടി കരുതിയിരുന്നതിനാൽ, അവൾക്ക് അവനെ സ്പർശിക്കുവാൻ കഴിഞ്ഞില്ല. മറിയയ്ക്കുള്ള തന്റെ പ്രത്യക്ഷപ്പെടലിൽ കർത്താവ് തന്റെ പുനരുത്ഥാനത്തിന്റെ അനന്തരഫലത്തിന്റെ വെളിപ്പാട്-"സഹോദരന്മാരും," "പിതാവും-"വിവരിച്ചു(20:17). ഇത് സഹോദരത്വത്തിന്റെയും പിതൃത്വത്തിന്റെയും വെളിപ്പാടാണ്. അവന്റെ പുനരുത്ഥാനത്തിൽ, അവന്റെ ശിഷ്യന്മാരെല്ലാം അവന്റെ സഹോദരന്മാരാവുകയും, അവന്റെ പിതാവ് അവരുടെ പിതാവാകുകയും ചെയ്തു.

## II. പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്യുന്നു

20:17-ൽ കർത്താവായ യേശു മറിയയോട്,"എന്നെ തൊടരുത്; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല"എന്ന് പറഞ്ഞു. തന്റെ അന്വേഷകയ്ക്ക് പുനരുത്ഥാനത്തിൽ പ്രത്യക്ഷനായ ശേഷം, അവൻ പുനരുത്ഥാനദിവസം രഹസ്യമായി പിതാവിന്റെ അടുക്കൽ കയറിപ്പോയി. കർത്താവിന്റെ ഈ രഹസ്യ ആരോഹണം അനേക ക്രിസ്ത്യാനികളും ഒരിക്കലും കണ്ടിട്ടില്ല. നാല്പത് ദിവസം കഴിഞ്ഞ് ശിഷ്യന്മാരുടെ മുമ്പിൽ പരസ്യമായി ആരോഹണം ചെയ്തതിനു മുമ്പ്(പ്രവൃ.1:9-11), തന്റെ പുനരുത്ഥാനത്തിന്റെ ദിവസം വെളുപ്പിന് അവൻ പിതാവിന്റെ അടുക്കലേക്ക് പിതാവിന്റെ ആസ്വാദത്തിനും സംതൃപ്തിക്കുമായി രഹസ്യമായി ആരോഹണം ചെയ്തു.

"കൊയ്ത്തിലെ ആദ്യഫലങ്ങളുടെ ഒരു കറ്റ"യായി"നീരാജന"ത്തിന് കർത്താവ് അവനെത്തന്നെ പിതാവിന് സമർപ്പിച്ചു(ലേവ്യ.23:10-11,15). പഴയനിയമം അനുസരിച്ച്, വിളവ് ധാന്യപ്പുരയിൽ കൊണ്ടുപോയിരുന്നു; എന്നാൽ ആദ്യഫലങ്ങൾ നീരാജനമായി എല്ലാ

യ്പ്പോഴും മന്ദിരത്തിലേക്ക് കൊണ്ടുപോയിരുന്നു(പുറ.23:19; ലേവ്യ.23:10-11). നാം കണ്ടതുപോലെ, അങ്ങോട്ടും ഇങ്ങോട്ടും ഉഴിഞ്ഞുകൊണ്ട് അർപ്പിച്ചതായ നീരാജനം പുനരുത്ഥാനത്തെയും മുകളിലോട്ടും താഴോട്ടും ഉഴിഞ്ഞുകൊണ്ട് അർപ്പിച്ചതായ ഉദർച്ചാർപ്പണം ആരോഹണത്തെയും സൂചിപ്പിക്കുന്നു. ദേവാലയത്തിലേക്ക് കൊണ്ടുവന്ന് ദൈവത്തിന്റെ സന്നിധിയിൽ അർപ്പിച്ചതായ ആദ്യഫലം, തന്റെ പുനരുത്ഥാനത്തിന്റെ ദിവസം വെളുപ്പിന് ദൈവത്തിന്റെ സന്നിധിയിലേക്ക് അവന്റെ സംതൃപ്തിക്കായി പോയ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

ലേവ്യാപുസ്തകം 23:11 "കറ്റ"യെക്കുറിച്ച് പറയുന്നു എന്ന് നിങ്ങൾ എന്നെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? കൊയ്തെടുത്ത ധാന്യത്തിന്റെ ഒരു തണ്ട് മാത്രമല്ല പിന്നെയോ അനേക തണ്ടുകൾ ചേർത്ത് കെട്ടിയിരിക്കുന്നതാണ് കറ്റ. ഇതിന്റെ അർത്ഥം എന്താണ്? മത്തായി 27:52-ഉം 53-ഉം കർത്താവായ യേശു മരിച്ച ശേഷം,"കല്ലറകൾ തുറന്ന്, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയർത്തെഴുന്നേറ്റ് അവന്റെ പുനരുത്ഥാനത്തിനു ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ ചെന്നു പലർക്കും പ്രത്യക്ഷമായി"എന്ന് പറയുന്നു. അതുകൊണ്ട്, പുനരുത്ഥാനത്തിന്റെ ആദ്യഫലങ്ങൾ കർത്താവ് മാത്രമായിരുന്നില്ല, മരിച്ചവരിൽനിന്ന് ഉയിർത്ത മറ്റുള്ളവരും ആയിരുന്നു. അവർ ഒരുമിച്ച് ഒരു കറ്റ ആയിരുന്നു.

കർത്താവിന്റെ രഹസ്യ ആരോഹണം 16:7-ൽ, പോകുന്നു എന്ന് മുൻകൂട്ടി പറഞ്ഞതിന്റെ നിറവേറൽ ആയിരുന്നു. അവിടെ,"ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ ആശ്വാസകൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും,"എന്ന് അവൻ പറഞ്ഞു. യോഹന്നാൻ 16:7 നിറവേറിയത്, പ്രവൃത്തികൾ 2-ൽ അല്ല, യോഹന്നാൻ 20-ലായിരുന്നു. മിക്ക ക്രിസ്ത്യാനികളും കരുതുന്നത് അത് പ്രവൃത്തികൾ 2-ലാണ് നിറവേറിയത് എന്നാണ്. എന്നാലത് യോഹന്നാൻ ഇരുപതാം അദ്ധ്യായത്തിലായിരുന്നു നിറവേറിയത്.

Tue

## III. വിശ്വാസികളിലേക്ക് നിശ്വസിക്കപ്പെടുന്നതിന് ആത്മാവായി വരുന്നു

### A. പുനരുത്ഥാനശരീരത്തോടുകൂടെ

പുനരുത്ഥാനശരീരത്തോടുകൂടെ ക്രിസ്തു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു; ഇപ്പോൾ, യോഹന്നാൻ 20-ൽ പുനരുത്ഥാനശരീരത്തോടുകൂടെ ശിഷ്യന്മാരുടെ അടുത്തേക്ക് മടങ്ങി വരുന്നു(ലൂക്കൊ.24:37-40,1കൊരി.15:44)."വാതിൽ അടച്ചിരിക്കെ,"ശിഷ്യന്മാർ ഉണ്ടായിരുന്ന മുറിയിലേക്ക് പുനരുത്ഥാനശരീരത്തോടുകൂടെ

കർത്താവ് വന്നു(20:19). വാതിലുകൾ അടച്ചിരുന്നതുകൊണ്ട്, അവന് എങ്ങനെ അസ്ഥികളും മാംസവുമുള്ള ശരീരത്തോടുകൂടെ പ്രവേശിക്കുവാൻ കഴിഞ്ഞു? നമ്മുടെ പരിമിതമായ ചിന്താശക്തിക്ക് ഇത് ഗ്രഹിക്കുവാൻ കഴിയുകയില്ല, എന്നാൽ ഇതൊരു സത്യമാണ്, ദിവ്യ വെളിപ്പാടിൻപ്രകാരം നാമത് സ്വീകരിക്കുകയും വേണം. ലൂക്കൊസ് 24:37-40 അനുസരിച്ച് കർത്താവ് തന്റെ ഭൗതിക ശരീരം തന്റെ ശിഷ്യന്മാരെ കാണിച്ചു. 1 കൊരിന്ത്യർ 15:44 പ്രകാരം ആ ശരീരം പുനരുത്ഥാനശരീരമായിരുന്നു. ഉദാഹരണമായി, ഒരു കാർണേഷൻ വിത്തിനെക്കുറിച്ച് ചിന്തിക്കുക. കാർണേഷൻ വിത്ത് ചെറിയതും ഉരുണ്ടതുമാണ്. എന്നാൽ അത് നട്ടതിനുശേഷം നിലത്തുനിന്ന് പുറത്തേക്ക് വളരുമ്പോൾ, അതിന് തണ്ടും പൂവും ഉണ്ടാകുന്നു. ഇതും ഒരു ശരീരമല്ലേ? കാർണേഷൻ വിത്ത് നിലത്ത് വിതക്കപ്പെടുന്നതിനു മുമ്പ്, അത് ഒരു ചെറിയ ശരീരമായിരുന്നു. നിലത്തുനിന്ന് വളർന്ന ശേഷം അതിന് ഒരു വ്യത്യസ്ത ശരീരം ലഭിച്ചു. ഇതുതന്നെയാണ് 1 കൊരിന്ത്യർ 15:44-ൽ പൗലൊസ് പറയുന്നത്: "പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു, ആത്മികശരീരം ഉയിർക്കുന്നു."ശരീരം ഒരു രൂപത്തിൽ വിതക്കപ്പെടുകയും നിലത്തുനിന്ന് മറ്റൊരു രൂപത്തിൽ ഉയിർക്കുകയും ചെയ്യുന്നു. വിതയ്ക്കപ്പെടുന്നത് ഒന്നാമത്തേതും സ്വാഭാവികവുമായ ശരീരവും, വളരുന്നത് പുനരുത്ഥാനശരീരവുമാണ്. തന്റെ പുനരുത്ഥാനത്തിനു ശേഷം, ക്രിസ്തുവിന് പുനരുത്ഥാനശരീരമാണ് ഉണ്ടായിരുന്നത്; എന്നാൽ അത് ഭൗതികവും സ്പർശിക്കുവാൻ കഴിയുന്നതുമായിരുന്നു. വാതിലുകൾ അടച്ചിരുന്നുവെങ്കിലും, മുറിക്കുള്ളിലേക്ക് ഈ ശരീരത്തോടുകൂടെ ക്രിസ്തു പ്രവേശിച്ചു.

കർത്താവിന് ഒരു പുനരുത്ഥാനശരീരം ഉണ്ടായിരുന്നുവെങ്കിലും, അപ്പോഴും ആണിപ്പാടുകൾ അവന്റെ കൈകളിലും പാദങ്ങളിലും ഉണ്ടായിരുന്നു(20:20,27; ലൂക്കൊ.24:40). എന്തുകൊണ്ട് പുനരുത്ഥാനം പാടുകളെ നീക്കിക്കളഞ്ഞില്ല? എന്തുകൊണ്ട് അവന്റെ വിലാപ്പുറം അപ്പോഴും തുറന്നിരുന്നു? നമുക്ക് ഇത് മനസ്സിലാകുന്നില്ല, എന്നാൽ അതങ്ങനെയാണെന്ന് നമുക്കറിയാം. നിങ്ങളുടെ ചിന്താശക്തികൊണ്ട് അനേക കാര്യങ്ങൾ അറിയുവാൻ ശ്രമിക്കരുത്. അറിയുവാനുള്ള നിങ്ങളുടെ പരിമിതമായ കഴിവിൽ വിശ്വസിക്കരുത്, കാരണം ഈ പ്രപഞ്ചത്തിൽ അനേക വലിയ മർമ്മങ്ങളുണ്ട്. നാം തന്നെയും ഒരു മർമ്മമാണ്. നിങ്ങളുടെ മനഃസാക്ഷിയും നിങ്ങളുടെ ദേഹിയും എവിടെയാണെന്ന് എന്നോട് പറയൂ? നിങ്ങളുടെ ആത്മാവിന്റെ സ്ഥാനം കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയുമോ? പല ശാസ്ത്രജ്ഞന്മാരും തങ്ങൾക്ക് കാണുവാനോ മനസ്സിലാക്കുവാനോ കഴിയാത്തവ എല്ലാം വിശ്വസിക്കുവാൻ വിസമ്മതിക്കുന്നു. ഇത് അസംബന്ധമാണ്. അവർ എന്നെങ്കിലും അവരുടെ മനസാക്ഷിയോ ഭൗതിക ജീവനോ കണ്ടിട്ടുണ്ടോ, എന്ന് ഈ ശാസ്ത്രജ്ഞന്മാരോട് ഞാൻ ചോദിക്കുന്നു.

നമുക്ക് ഒരു ഭൗതികജീവൻ ഉണ്ടെങ്കിലും നാമൊരിക്കലും അത് കണ്ടിട്ടില്ല. നമ്മെത്തന്നെ മനസ്സിലാക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, പിന്നെ ദിവ്യആളത്തമായ ത്രിയേകദൈവത്തെ സംബന്ധിച്ച കാര്യം എങ്ങനെയാണ്?

## B. ശിഷ്യന്മാരുടെ സന്തോഷത്തിനുവേണ്ടി അവരെ സന്ദർശിക്കുമെന്നുള്ള വാഗ്ദാനം നിറവേറ്റുന്നു

കർത്താവ് തന്റെ രണ്ടു കൈകളും വിലാപ്പുറവും ശിഷ്യന്മാരെ കാണിച്ചശേഷം,"കർത്താവിനെ കണ്ടിട്ടു അവർ സന്തോഷിച്ചു" (20:20). "അങ്ങനെ നിങ്ങൾക്കും ഇപ്പോൾ വാസ്തവത്തിൽ ദുഃഖം ഉണ്ട്, എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും; നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല,"എന്ന് കർത്താവ് പറഞ്ഞതായ 16:19-ഉം 22-ഉം വാക്യങ്ങളിലുള്ള അവന്റെ വാഗ്ദാനത്തിന്റെ നിറവേറലായിരുന്നു അത്. അപ്പോൾ ശിഷ്യന്മാർ തന്റെ പുനരുത്ഥാനത്തിൽ ദൈവപുത്രനായി ജനിച്ച പുനരുത്ഥാനം ചെയ്ത കർത്താവായിരുന്ന(പ്രവൃ.13:33) നവജാത"ശിശുവിനെ"കണ്ടു(16:21). നാം ഇപ്പോൾ കാണുവാൻ ഇരിക്കുന്നതുപോലെ, തന്റെ ശിഷ്യന്മാരുടെ അടുത്തേക്കുള്ള അവന്റെ മടങ്ങിവരവ് അവർക്ക് അഞ്ച് അനുഗ്രഹങ്ങൾ കൊണ്ടുവന്നു: അവന്റെ സാന്നിദ്ധ്യം, അവന്റെ സമാധാനം, അവന്റെ നിയോഗം, പരിശുദ്ധാത്മാവ്, അവനെ പ്രതിനിധാനം ചെയ്യുവാനുള്ള അധികാരം എന്നിവ(വാ.23).

## C. ശിഷ്യന്മാർക്ക് സമാധാനം കൊണ്ടുവരുന്നു

"നിങ്ങൾക്ക് സമാധാനം"എന്ന് 20:19-ലും 21-ലും കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. തന്റെ പുനരുത്ഥാനത്തിനു ശേഷം ശിഷ്യന്മാരുമൊത്തുള്ള കർത്താവിന്റെ ആദ്യകൂടിക്കാഴ്ചയിൽ ഇത് സംഭവിച്ചു. പലപ്പോഴും യോഗങ്ങളിൽ വച്ച് നമുക്ക് ലഭിക്കുന്ന ഒന്നാണ് സമാധാനം. സമാധാനം ലഭിക്കുന്നതിന് പലപ്പോഴും യോഗങ്ങൾക്ക് നാം പോകണം. കർത്താവ് സഭയ്ക്ക് സമാധാനം കൊണ്ടുവന്നു. അതുകൊണ്ട് നാം യോഗങ്ങളിൽ സംബന്ധിക്കണം, കാരണം യോഗങ്ങളിലാണ് നാം സമാധാനം ആസ്വദിക്കുന്നത്.

## D. ശിഷ്യന്മാരെ നിയോഗിക്കുന്നു

"നിങ്ങൾക്കു സമാധാനം,"എന്നു പറഞ്ഞശേഷം കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു,"പിതാവ് എന്നെ അയച്ചതുപോലെ, ഞാനും നിങ്ങളെ അയക്കുന്നു"(20:21). പിതാവ് തന്നെ അയച്ചതുപോലെതന്നെ, അതേ രീതിയിൽ അവനും നമ്മെ അയക്കും എന്ന് കർത്താവ് പറഞ്ഞു. കർത്താവ് അയയ്ക്കുന്നത് പിതാവ് അയയ്ക്കുന്നതുപോലെതന്നെയാണ്. പിതാവ് അവനെ അയച്ചു, അവൻ നമ്മെ

അയയ്ക്കും. എങ്ങനെ പിതാവ് കർത്താവിനെ അയച്ചു? പിതാവ് പുത്രനിൽ ആയിരുന്നതിനാൽ മാത്രമായിരുന്നു അത്. പുത്രനിൽ ആയിരുന്നുകൊണ്ട് പിതാവ് പുത്രനെ അയച്ചു. പിതാവിന്റെ ജീവനും പ്രകൃതവും സാന്നിദ്ധ്യവും പിതാവുതന്നെയും അവനോടൊപ്പം വന്നു. കർത്താവുതന്നെ അവർക്ക് ജീവനും സകലവുമായിത്തീർന്നുകൊണ്ട് അവൻ തന്റെ ശിഷ്യന്മാരെ അയച്ചു. അതേ രീതിയിൽ ഇപ്പോൾ പുത്രൻ നമ്മെ അയയ്ക്കുന്നു. അവൻ നമ്മെ തന്റെ ജീവനോടും തന്റെ പ്രകൃതത്തോടും തന്റെ സാന്നിദ്ധ്യത്തോടുംകൂടെ അയയ്ക്കുന്നു. പുത്രനോട് ഒന്നായിരുന്നുകൊണ്ടും, പുത്രന്റെ ഉള്ളിൽ ആയിരുന്നു കൊണ്ടും, പിതാവ് പുത്രനെ അയച്ചതുപോലെ, അതേ രീതിയിൽ നമ്മോട് ഒന്നായിരിക്കുകയും, നമ്മുടെ ഉള്ളിൽ ആയിരിക്കുകയും ചെയ്തുകൊണ്ട് പുത്രൻ നമ്മെ അയയ്ക്കുന്നു.

കർത്താവ് നമ്മെ അയയ്ക്കുന്നത് പരിശുദ്ധാത്മാവിനെ നമ്മിലേക്ക് ഊതിയിട്ടാണ്(20:22). "ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞശേഷം ഉടൻതന്നെ അവൻ പരിശുദ്ധാത്മാവിനെ അവരിലേക്ക് ഊതിയത് അതുകൊണ്ടായിരുന്നു. തന്റെ ഊതലിനാൽ എന്നേക്കും അവരിൽ വസിക്കുവാനായി ആത്മാവായി അവൻ അവരിലേക്ക് പ്രവേശിച്ചു(14:16). അതുകൊണ്ട്, തന്റെ ശിഷ്യന്മാർ അയയ്ക്കപ്പെടുന്നിടത്തെല്ലാം അവൻ എല്ലായ്പോഴും അവരോടൊപ്പം ഉണ്ടാകും. അവൻ അവരോട് ഒന്നാണ്. നാം കാണുവാനിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനെ നമ്മിലേക്ക് ഊതുക എന്നാൽ കർത്താവ് അവനെത്തന്നെ നമ്മിലേക്ക് ഊതുക എന്നാണ്. നമ്മുടെ ഉള്ളിൽ ആയിരുന്നുകൊണ്ട് കർത്താവ് നമ്മെ അയയ്ക്കുന്നു. കർത്താവിന് നമ്മോട് ഒന്നായിരിക്കുവാനും നമ്മുടെ ഉള്ളിലായിരിക്കുവാനും കഴിയുന്ന ഒരേയൊരു മാർഗ്ഗം, അവനെത്തന്നെ നമ്മിലേക്ക് ഊതുക എന്നതാണ്. അതുകൊണ്ട്, ക്രിസ്തുവിന്റെ യാഥാർത്ഥ്യമായ ആത്മാവിനെ നാം സ്വീകരിക്കണം. ക്രിസ്തുവിന്റെ ആത്മാവിനെ നാം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, നമുക്ക് ക്രിസ്തുവിന്റെ യാഥാർത്ഥ്യം ലഭിച്ചിട്ടുണ്ട്, അതായത്, നമുക്ക് ക്രിസ്തുവിനെത്തന്നെ ലഭിച്ചിട്ടുണ്ട് എന്നാണ് ഇതിന്റെ ലളിതമായ അർത്ഥം. കർത്താവ് അയയ്ക്കുന്നത് അവനെത്തന്നെ നമ്മിലേക്ക് ഊതിക്കൊണ്ടാണ് എന്ന് ഇതിനാൽ നാം കാണുന്നു.

## E. ശിഷ്യന്മാരിലേക്ക് പരിശുദ്ധാത്മാവിനെ ഊതുന്നു

"ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ, എന്നു പറഞ്ഞു" എന്നു 22-ാം വാക്യം പറയുന്നു. കർത്താവ് നിത്യദൈവമായ വചനമാണ്(1:1). യോഹന്നാന്റെ സുവിശേഷത്തിൽ, വചനം ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകുകയും, ഒടുവിൽ വിശ്വാസികളിലേക്ക് അവൻ പ്രവേശിക്കത്തക്കവണ്ണം ശ്വാസം, ന്യൂമ ആയിത്തീരുകയും

ചെയ്യുന്നു. ദൈവത്തിന്റെ അനാദിനിർണയം നിർവ്വഹിക്കുന്നതിനു വേണ്ടി അവൻ രണ്ടു പടികൾ സ്വീകരിച്ചു. ഒന്നാമത്, മനുഷ്യനുവേണ്ടി വീണ്ടെടുപ്പ് നിർവ്വഹിക്കുവാൻ"ദൈവത്തിന്റെ കുഞ്ഞാട്"ആകുവാനും(1:29), മനുഷ്യനോട് ദൈവത്തെ പ്രസ്താവിക്കുവാനും(1:18), പിതാവിനെ തന്റെ വിശ്വാസികൾക്ക് വെളിപ്പെടുത്തുവാനും(14:9-11) ജഡത്തിലുള്ള ഒരു മനുഷ്യൻ ആകുവാൻ അവൻ ജഡാവതാരം എന്ന പടി എടുത്തു. രണ്ടാമത്, അവന് തന്നെത്തന്നെ തന്റെ വിശ്വാസികളിലേക്ക് അവരുടെ ജീവനായും അവരുടെ സകലവുമായും പകരുവാനും, നിത്യതയിൽ ത്രിയേകദൈവത്തെ ആവിഷ്കരിക്കുവാനായി തന്റെ ശരീരം, സഭ, ദൈവത്തിന്റെ നിവാസം, കെട്ടുപണിയുന്നതിനുവേണ്ടി അവന് അനേക ദൈവപുത്രന്മാരെ, തന്റെ അനേക സഹോദരന്മാരെ, ഉളവാക്കത്തക്കവണ്ണം ആത്മാവായി കായാന്തരപ്പെടുവാനും അവൻ മരണപുനരുത്ഥാനങ്ങൾ എന്ന പടി എടുത്തു. അവൻ ആദിയിൽ നിത്യമായ വചനമായിരുന്നു. തന്റെ ജഡാവതാരത്തിലൂടെ, ദൈവത്തിന്റെ വീണ്ടെടുപ്പ് നിറവേറ്റുവാൻ അവൻ പിന്നീട് ജഡമായിത്തീരുകയും, തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ദൈവത്തിന്റെ കെട്ടുപണി പൂർത്തീകരിക്കുവാനായി സകലവുമായിരിക്കുവാനും സകലവും ചെയ്യുവാനും അവൻ ആത്മാവായിത്തീരുകയും ചെയ്തു.

നിത്യമായ വചനം രണ്ടു പടി എടുത്തു എന്നത് ഒരിക്കലും മറക്കരുത്: ജഡമായിത്തീരുക എന്ന പടിയും(1:14) ജീവൻനൽകുന്ന ആത്മാവായിത്തീരുക എന്ന പടിയും(1 കൊരി.15:45). ഈ രണ്ട് "ആയിത്തീരലുകൾ" നാം ഓർമ്മിക്കണം-ജഡം ആയിത്തീരലും, ജീവൻനൽകുന്ന ആത്മാവ് ആയിത്തീരലും. നിത്യവചനം ഒന്നാമത് ജഡം ആയിത്തീരുകയും പിന്നീട്, ഒടുക്കത്തെ ആദാം എന്ന നിലയിൽ, അവൻ ജീവൻ നൽകുന്ന ആത്മാവ് ആയിത്തീരുകയും ചെയ്തു. ഒന്നാമത്തെപടി ജഡാവതാരത്തിന്റെ പടിയും, രണ്ടാമത്തെ പടി പുനരുത്ഥാനത്തിന്റെ പടിയും ആയിരുന്നു. ഒന്നാമത്തെ പടി വീണ്ടെടുപ്പിനും രണ്ടാമത്തെ പടി ജീവൻ പകർന്നു നൽകുന്നതിനും ആയിരുന്നു. നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി തന്റെ രക്തം ചൊരിയുവാനായി ദൈവത്തിന്റെ കുഞ്ഞാട് ആകുവാൻ ജഡമായിത്തീർന്നതിനു ശേഷം, തന്നെത്തന്നെ നമ്മിലേക്ക് ജീവനായി പകർന്നു നൽകുന്നതിനുവേണ്ടി അവൻ പുനരുത്ഥാനത്തിൽ ജീവൻനൽകുന്ന ആത്മാവായിത്തീർന്നു. അനേക ക്രിസ്ത്യാനികൾ ഇത് വ്യക്തമായി കണ്ടിട്ടില്ല. ക്രിസ്തു ജഡാവതാരം എന്ന പടി എടുത്തത് വീണ്ടെടുപ്പിന്റെ നിർവ്വഹണത്തിനുവേണ്ടി ആണെന്നു മാത്രമേ മിക്ക ക്രിസ്ത്യാനികൾക്കും ബോധ്യപ്പെട്ടിട്ടുള്ളൂ. അവർ രണ്ടാമത്തെ പടി, പുനരുത്ഥാനത്തിൽ ജഡത്തിലുള്ള ഒടുക്കത്തെ ആദാം, നമ്മുടെ ജീവൻ ആകുവാൻ അവന് നമ്മിലേക്ക് വരുവാൻ ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു എന്ന പടി കാണു

ന്നില്ല. എന്നാൽ യോഹന്നാന്റെ സുവിശേഷം രണ്ടു പടിയും വ്യക്തമായി വെളിപ്പെടുത്തുന്നു. ഒന്നാം അദ്ധ്യായത്തിൽ, നിത്യമായ വചനം ദൈവത്തിന്റെ കുഞ്ഞാടാകുവാൻ ജഡം ആയിത്തീർന്നു. ഇരുപതാം അദ്ധ്യായത്തിൽ ഈ അത്ഭുതവാനായവൻ ജീവൻനൽകുന്ന ആത്മാവായിത്തീരുവാൻ മറ്റൊരു പടി എടുക്കുന്നു, പുനരുത്ഥാനത്തിന്റെ പടി. അങ്ങനെ പുനരുത്ഥാനത്തിന്റെ ദിവസം വൈകുന്നേരത്ത് അവൻ വന്ന് അവനെത്തന്നെ ആത്മാവായി ശിഷ്യന്മാരിലേക്ക് ഊതി.

കർത്താവ് ദൈവമാണെന്നും(1:1-2;5:17-18;10:30-33;14:9-11; 20:28), ജീവനാണെന്നും(1:4;10:10;11:25;14:6) പുനരുത്ഥാനമാണെന്നും(11:25) ഈ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. ഒന്നു മുതൽ പതിനേഴ് വരെയുള്ള അദ്ധ്യായങ്ങൾ അവൻ മനുഷ്യരുടെ ഇടയിലുള്ള ദൈവമാണെന്ന് തെളിയിക്കുന്നു. ദൈവം എന്ന നിലയിൽ അവനുമായി മനുഷ്യർക്ക് ഗണ്യമായ വ്യത്യാസം ഉണ്ട്. പതിനെട്ടും പത്തൊൻപതും അദ്ധ്യായങ്ങൾ മരണത്തിന്റെ സാഹചര്യത്തിൽ അവൻ ജീവനാണെന്ന് തെളിയിക്കുന്നു. മരണത്തിന് അഥവാ മരണസാഹചര്യത്തിന് ജീവൻ എന്ന നിലയിൽ അവനുമായി ഗണ്യമായ അന്തരം ഉണ്ട്. ഇരുപതും ഇരുപത്തിയൊന്നും അദ്ധ്യായങ്ങൾ പഴയ സൃഷ്ടിയുടെ, സ്വാഭാവിക ജീവന്റെ മദ്ധ്യേ അവൻ പുനരുത്ഥാനമാണെന്ന് തെളിയിക്കുന്നു. പഴയസൃഷ്ടിക്ക്, സ്വാഭാവിക ജീവന്, ആത്മാവ് യാഥാർത്ഥ്യമായിരിക്കുന്ന പുനരുത്ഥാനം എന്ന നിലയിൽ അവനുമായി ഗണ്യമായ അന്തരമുണ്ട്. പുനരുത്ഥാനം എന്ന നിലയിൽ അവനെ ആത്മാവിൽ മാത്രമേ അനുഭവിച്ചറിയുവാൻ കഴിയുകയുള്ളു. അങ്ങനെ അവൻ പുനരുത്ഥാനത്തിൽ ആത്മാവാണ്. അവൻ മനുഷ്യരുടെ ഇടയിൽ ദൈവമാണ്(1-17 അദ്ധ്യായങ്ങൾ), അവൻ മരണത്തിൽ ജീവനാണ്(18-19 അദ്ധ്യായങ്ങൾ), അവൻ പുനരുത്ഥാനത്തിൽ ആത്മാവും ആണ് (20-21 അദ്ധ്യായങ്ങൾ).

### *1. അവന്റെ വാഗ്ദാനത്തിന്റെ നിറവേറൽ*

22-ാം വാക്യത്തിലെ പരിശുദ്ധാത്മാവ് 7:39-ൽ പ്രതീക്ഷിച്ചതും, 14:16-17,26; 15:26; 16:7-8,13-ൽ വാഗ്ദാനം ചെയ്യപ്പെട്ടതുമായ ആത്മാവാണ്. അതുകൊണ്ട്, ശിഷ്യന്മാരിലേക്ക് കർത്താവ് പരിശുദ്ധാത്മാവിനെ ഊതിയത്, ആശ്വാസദായകനായ പരിശുദ്ധാത്മാവിനെ സംബന്ധിച്ച അവന്റെ വാഗ്ദാനത്തിന്റെ നിറവേറലായിരുന്നു. നാം കാണുവാനിരിക്കുന്നതുപോലെ, ഈ വാഗ്ദാനം പ്രവൃത്തികൾ 2:1-4-ൽ ഉള്ളതിൽനിന്ന് വ്യത്യസ്തമാണ്. മറ്റൊരു ആശ്വാസദായകനെ അയക്കുവാൻ താൻ പിതാവിനോട് അപേക്ഷിക്കുമെന്ന് പതിനാലാം അദ്ധ്യായത്തിൽ കർത്താവ് വാഗ്ദാനം ചെയ്തു. ഇവിടെ ഇരുപതാം അദ്ധ്യായത്തിൽ അവൻ ആ മറ്റൊരു ആശ്വാസദായകനെ, യാഥാർത്ഥ്യത്തിന്റെ

ആത്മാവിനെ, തന്റെ ശിഷ്യന്മാരുടെ അടുത്തേക്ക് കൊണ്ടുവരുന്നു. ഇപ്പോൾ യാഥാർത്ഥ്യത്തിന്റെ ആത്മാവ് അവന്റെ ശിഷ്യന്മാരിലേക്ക് അവരുടെ ഉള്ളിലാകുവാനായി വന്നു; ഇപ്പോൾ, കർത്താവ് പിതാവിലാണ് എന്നും, പിതാവ് കർത്താവിലാണ് എന്നും, ഇപ്പോൾ അവർ കർത്താവിൽ ആണ് എന്നും കർത്താവ് അവരിൽ ആണ് എന്നും ശിഷ്യന്മാർക്ക് അറിയാം. അവർ ഇപ്പോൾ ത്രിയേകദൈവവുമായി ഒന്നാണെന്ന് അവർക്ക് ബോധ്യപ്പെടുന്നു. അതുകൊണ്ട്, പതിനാലും പതിനഞ്ചും പിതിനാറും അദ്ധ്യായങ്ങളിൽ കർത്താവ് അവരോട് സംസാരിച്ചതെല്ലാം ഈ നിമിഷത്തിൽതന്നെ നിറവേറി. ഇവിടെ എന്താണ് സംഭവിക്കുന്നത് എന്നു മനസ്സിലാക്കുവാനായി ആ മൂന്നു അദ്ധ്യായങ്ങളും നാം വായിക്കണം. കർത്താവ് മരണത്താലും പുനരുത്ഥാനത്താലും പോയിട്ട്, ഇപ്പോൾ ശിഷ്യന്മാർക്ക് ആത്മാവായി വരുന്നു, അവർ ത്രിയേകദൈവവുമായി ഒന്നായിരിക്കുവാൻ അവരുടെ യാഥാർത്ഥ്യമായി രണ്ടാമത്തെ ആശ്വാസദായകനായി വരുന്നു എന്നതാണ്, കൃത്യമായി ഇവിടെ നിറവേറിയത്. ആ സമയം ശിഷ്യന്മാർ ആനന്ദവും സന്തോഷവും ഉള്ളവരായിരുന്നു. കുറഞ്ഞൊരു സമയത്തേക്ക് അവർ തന്നെ കാണുകയില്ല എന്ന് കർത്താവ് അവരോട് പറഞ്ഞിരുന്നു(16:16). ഇപ്പോൾ, കുറഞ്ഞൊരു സമയം കഴിഞ്ഞ്, പതിനാലു മുതൽ പതിനാറു വരെയുള്ള അദ്ധ്യായങ്ങളിൽ, പറഞ്ഞതൊക്കെ നിറവേറ്റിയതായ കർത്താവിനെ ശിഷ്യന്മാർ വീണ്ടും കണ്ടു.

### *2. പ്രവൃത്തികൾ 2-ൽ നിറവേറിയതിൽനിന്ന് വ്യത്യസ്തം*

20:22-ൽ നിറവേറിയത് പ്രവൃത്തികൾ 2:1-4-ലേതിൽനിന്ന് വ്യത്യസ്തമാണ്. എന്നാൽ, പെന്തക്കൊസ്ത് ദിനം ആശ്വാസദായകൻ വന്നുവെന്ന് ചിന്തിച്ചുകൊണ്ട്, യോഹന്നാൻ 14,15,16 എന്നിവയിലെ വാഗ്ദാനം പ്രവൃത്തികൾ 2-ൽ പെന്തക്കൊസ്ത് ദിനം നിറവേറിയെന്ന് മിക്ക ക്രിസ്ത്യാനികളും കരുതുന്നു. യോവേൽ 2:28-32-ൽ കൊടുത്തിരിക്കുന്നതും,"എന്റെ പിതാവ് വാഗ്ദാനം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും; നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ,"എന്നു പറയുന്ന ലൂക്കൊസ് 24:49-ൽ കർത്താവ് പരാമർശിച്ചതും ആയ പിതാവിന്റെ വാഗ്ദാനത്തിന്റെ നിറവേറലായിരുന്നു പ്രവൃത്തികൾ 2:1-4-ലെ നിറവേറൽ. തന്റെ പുനരുത്ഥാനത്തിനു ശേഷം, പരസ്യമായ ആരോഹണത്തിന്റെ സമയത്തോടടുത്ത് പിതാവിന്റെ വാഗ്ദാനം കർത്താവ് ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു. "ഉയരത്തിൽനിന്ന് ശക്തി ധരിക്കുക"എന്ന പിതാവിന്റെ ഈ വാഗ്ദാനം പ്രവൃത്തികൾ 2-ൽ നിറവേറി എന്നു എല്ലാവരും സമ്മതിക്കുന്നു. എന്നാൽ യോഹന്നാൻ 14-ലും 15-ലും 16-ലും ഉള്ള വാഗ്ദാനം, ശക്തിയെ സംബന്ധിച്ച പിതാവിന്റെ വാഗ്ദാനമല്ല, ആശ്വാസദായകനെ സംബന്ധിച്ച പുത്രന്റെ വാഗ്ദാനമാണ്. ഈ ആശ്വാ

സദായകനെ സംബന്ധിച്ച വാഗ്ദാനം കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ദിവസം നിറവേറി. പിതാവിന്റെ വാഗ്ദാനത്തെ സംബന്ധിച്ച് ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്നതിനു മുമ്പ്, യോഹന്നാനിൽ നൽകിയ ആശ്വാസദായകനെ സംബന്ധിച്ച വാഗ്ദാനം നിറവേറിക്കഴിഞ്ഞിരുന്നു. കർത്താവ് തന്റെ പുനരുത്ഥാനത്തിനുശേഷം, തന്റെ പരസ്യമായ ആരോഹണത്തോടടുത്ത സമയത്ത്, ശക്തിക്കായുള്ള പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കുവാൻ ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു.

പുനരുത്ഥാനദിവസം നിറവേറിയത്, ജീവനും സത്യവും ആയി പരിശുദ്ധാത്മാവിനെ സംബന്ധിച്ച വാഗ്ദാനമായിരുന്നു. പെന്തക്കൊസ്ത് ദിനത്തിലെ നിറവേറൽ ശക്തി എന്ന നിലയിൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ച വാഗ്ദാനമായിരുന്നു. ഇവ പരിശുദ്ധാത്മാവിന്റെ രണ്ടു വശങ്ങളാണ്. പുനരുത്ഥാനദിവസം, ജീവന്റെ ആത്മാവിനെ ക്രിസ്തുവിന്റെ യാഥാർത്ഥ്യമായി ശിഷ്യന്മാർക്ക് ലഭിച്ചു; അൻപത് ദിവസം കഴിഞ്ഞ് പെന്തക്കൊസ്ത് ദിനത്തിൽ അവർക്ക് ശക്തിയുടെ ആത്മാവ് ലഭിച്ചു. പെന്തക്കൊസ്ത് എന്നാൽ അൻപത് ദിവസം എന്നേ അർത്ഥമുള്ളൂ. ഒന്നാമത്തെ എട്ടാം ദിവസം (ഇത് പുരുത്ഥാനത്തെ സൂചിപ്പിക്കുന്നു), ജീവനും ക്രിസ്തുവിന്റെ യാഥാർത്ഥ്യവുമായി പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. എട്ടാം ദിവസം(ഇത് പുനരുത്ഥാനത്തിലുള്ള പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു), അതായത്, എട്ടാം ആഴ്ചയിലെ ആദ്യത്തെ ദിവസം, പരിശുദ്ധാത്മാവിനെ ശക്തിയായും അവരുടെ വേലയ്ക്കുവേണ്ടിയുള്ള ഒരുക്കമായും സ്വീകരിച്ചു.

ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളും, രണ്ടും, ലൂക്കൊസ് ആയിരുന്നു എഴുതിയത്. ലൂക്കൊസിന്റെ രേഖ വേലയ്ക്കുവേണ്ടിയുള്ള ശക്തിയുടെ രേഖയും, യോഹന്നാന്റെ രേഖ ജീവനുവേണ്ടിയുള്ള ജീവന്റെ രേഖയുമാണ്. നാം വേദപുസ്തകം ശ്രദ്ധാപൂർവ്വം വായിക്കുന്നുവെങ്കിൽ, ആത്മാവ് ഒന്നാമത് ജീവന്റെ ആത്മാവും, രണ്ടാമത് ശക്തിയുടെ ആത്മാവും ആണെന്ന് നാം കാണും. ലൂക്കൊസിന്റെ രേഖയിൽ, ശക്തിയുടെ ആത്മാവിനെ, നാം ധരിക്കുന്ന വസ്ത്രത്തോട് ഉപമിച്ചിരിക്കുന്നു. യോഹന്നാന്റെ രേഖയിൽ, ആത്മാവിനെ നാം കുടിച്ചുകൊണ്ട് സ്വീകരിക്കുന്ന വെള്ളത്തോട് ഉപമിച്ചിരിക്കുന്നു. നമ്മെ പൊതിയുവാനായി പുറമേയുള്ള ഒന്നാണ് വസ്ത്രം. നമ്മെ നിറയ്ക്കുവാനായി അകമേയുള്ള ഒന്നാണ് പാനീയം. ലൂക്കോസിന്റെ രേഖയനുസരിച്ച്, ആത്മാവ് വരുമ്പോൾ, അത് നമ്മുടെമേൽ വരുന്നു(പ്രവൃ.1:8). ഇതിൽനിന്ന് വ്യത്യസ്തമായി യോഹന്നാന്റെ രേഖയിൽ, യാഥാർത്ഥ്യത്തിന്റെ ആത്മാവ് നമ്മിലേക്ക് വരുന്നു, കാരണം ആത്മാവ് നമ്മിൽ വസിക്കുന്നു(14:17). അങ്ങനെ, യോഹന്നാന്റെ രേഖ നമ്മിലുള്ള ജീവനുവേണ്ടിയും, ലൂക്കോസിന്റെ രേഖ നമ്മുടെ മേലുള്ള

ശക്തിക്കുവേണ്ടിയും ആണ്. മാത്രമല്ല, നാം പ്രവൃത്തികൾ 4 ശ്രദ്ധാപൂർവ്വം വായിക്കുന്നുവെങ്കിൽ, എന്തുകൊണ്ട് ശക്തിയെ ഒരു പുറം കുപ്പായത്തോട്, ഒരു യൂണിഫോമിനോട്, ഉപമിച്ചിരിക്കുന്നു എന്നു നാം കാണും. ഒരു പോലീസുകാരന്റെ യൂണിഫോം അവന് അധികാരം നൽകുന്നു. അതുപോലെ, പരിശുദ്ധാത്മാവ് പത്രൊസിന്റെയും മറ്റു ശിഷ്യന്മാരുടെയും മേൽ അവരുടെ യൂണിഫോമായിരിക്കുവാൻ ശക്തി ആയി വന്നു. എന്നാൽ പുനരുത്ഥാനദിവസം, ആത്മാവ് അവരിലേക്ക് ഊതപ്പെട്ടു. അത് പുറമേ ധരിക്കുന്നതിനായിരുന്നില്ല, അകമേ നിറയ്ക്കുന്നതിനായിരുന്നു. ലൂക്കൊസിന്റെ രേഖയിൽ ശക്തിയുടെ ആത്മാവിനെ"ആഞ്ഞടിക്കുന്ന കൊടുംകാറ്റി"(പ്രവൃ.2:2)നോട് ഉപമിച്ചിരിക്കുന്നു. കാറ്റ് ശക്തിക്കുവേണ്ടിയാണ്. യോഹന്നാന്റെ രേഖയിൽ, ജീവന്റെ ആത്മാവിനെ ശ്വാസത്തോട് ഉപമിച്ചിരിക്കുന്നു. ശ്വാസം ശക്തിക്കുവേണ്ടിയല്ല; അത് ജീവനുവേണ്ടിയാണ്. യോഹന്നാൻ 20:22-ൽ ശ്വാസം എന്ന നിലയിൽ ആത്മാവ് ശിഷ്യന്മാരിലേക്ക് അവരുടെ ജീവനുവേണ്ടി ജീവനായി ഊതപ്പെട്ടു. ആത്മാവിനെ ശിഷ്യന്മാരിലേക്ക് ഊതിയതിലൂടെ, കർത്താവ് അവനെത്തന്നെ ജീവനും സകലവുമായി അവരിലേക്ക് പകരുകയായിരുന്നു. അങ്ങനെ, പതിനാലു മുതൽ പതിനാറു വരെയുള്ള അദ്ധ്യായങ്ങളിൽ അവൻ സംസാരിച്ചതെല്ലാം നിറവേറി.

ഒരു ഗോതമ്പുമണി ചാകുവാനായി നിലത്ത് വീഴുന്നതും നിലത്തുനിന്ന് പുറത്തേക്ക് വളരുന്നതും അതിനെ പുതിയതും ജീവസ്സുറ്റതുമായ മറ്റൊരു രൂപമായി മാറ്റുന്നതുപോലെ, കർത്താവിന്റെ മരണവും പുനരുത്ഥാനവും അവനെ ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെടുത്തി. ജഡത്തിലുള്ള"ഒടുക്കത്തെ ആദാം"ആയി മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പ്രക്രിയയിലൂടെ അവൻ "ജീവൻനൽകുന്ന ആത്മാവായി"(1 കൊരി.15:45). അവൻ പിതാവിന്റെ ദേഹരൂപമായിരിക്കുന്നതുപോലെ, ആത്മാവ് അവന്റെ സാക്ഷാത്കാരം, യാഥാർത്ഥ്യം ആണ്. ആത്മാവായാണ്, അവൻ ശിഷ്യന്മാരിലേക്ക് ഊതപ്പെട്ടത്. ആത്മാവായാണ് അവൻ തന്റെ വിശ്വാസികളിലേക്ക് സ്വീകരിക്കപ്പെട്ടതും"ജീവജലത്തിന്റെ നദികൾ"(7:38-39) ആയി അവരിൽനിന്ന് പുറത്തേക്ക് ഒഴുകിയതും. ആത്മാവായാണ് തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവൻ തന്റെ ശിഷ്യന്മാരുടെ അടുത്ത് മടങ്ങി വന്നതും അവരുടെ ആശ്വാസദായകനായി അവരിലേക്ക് പ്രവേശിച്ചതും അവരിൽ വസിക്കുവാൻ തുടങ്ങിയതും(14:16-17). ആത്മാവായാണ് അവന് ശിഷ്യന്മാരിൽ ജീവിക്കുവാൻ കഴിയുന്നതും, അവനാലും അവനോടൊപ്പവും അവർക്ക് ജീവിക്കുവാൻ കഴിയുന്നതും(14:19). ആത്മാവായാണ് അവന് ശിഷ്യന്മാരിൽ വസിക്കുവാൻ കഴിയുന്നതും അവർക്ക് അവനിൽ വസിക്കുവാൻ കഴിയുന്നതും(14:20; 15:4-5). ആത്മാ

വായാണ് അവൻ പിതാവിനോടൊപ്പം തന്നെ സ്നേഹിക്കുന്നവന്റെ അടുക്കൽവന്ന് “അവനോടുകൂടെ വാസം ചെയ്യുന്നത്”(14:23). ആത്മാവായാണ് അവന് താനായിരിക്കുന്നതും തനിക്കുള്ളതുമെല്ലാം തന്റെ ശിഷ്യന്മാർക്ക് പൂർണ്ണമായി അനുഭവിച്ചറിയുമാറാക്കുവാൻ കഴിയുന്നത്(16:13-16). ആത്മാവായാണ് അവൻ തന്റെ“സഹോദരന്മാരും”ഒത്ത് “സഭ”യായി അവരോട് പിതാവിന്റെ നാമം പ്രസ്താവിക്കുന്നതും അവരുടെ മദ്ധ്യേ അവനെ സ്തുതിക്കുന്നതും(എബ്രാ.2:11-12). ആത്മാവായാണ് അവന് തന്റെ ശിഷ്യന്മാരെ തന്റെ നിയോഗവുമായി, അവരുടെ ജീവനായും സകലവുമായും, പിതാവ് തന്നെ അയച്ച അതേ രീതിയിൽ അയയ്ക്കുവാൻ കഴിയുന്നത്(20:21). അങ്ങനെ, ശിഷ്യന്മാർ അവന്റെ ശരീരത്തിന്റെ കൂട്ടായ്മയിലുള്ള അധികാരത്തോടുകൂടെ അവനെ പ്രതിനിധാനം ചെയ്യുവാൻ യോഗ്യരാണ്(20:23).